# കേരള സർവകലാശാല

നം.പി.ആർ.155/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018
### സേ പരീക്ഷ വിജയിച്ചവർക്ക് അപേക്ഷിക്കാം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് 2018-ലെ +2, വി.എച്ച്.എസ്.ഇ. സേ പരീക്ഷ വിജയിച്ചവർക്ക് ജൂലൈ 16-ാം തീയതി രാവിലെ 10 മണിവരെ ഓൺലൈൻ . (http://admissions.keralauniversity.ac.in) വഴി രജിസ്റ്റർ ചെയ്യാം. ഓൺലൈൻ വഴിയും ഫീസ് അടയ്ക്കാമെന്നതിനാൽ ബാങ്ക് സമയം കഴിഞ്ഞും, അവധി ദിവസങ്ങളിലും ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018
### ഓൺലൈൻ അപേക്ഷയിൽ തിരുത്തലിന് അവസരം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ (ഗവ., എയ്ഡഡ്, സ്വാശ്രയ, യു.ഐ.റ്റി, ഐ.എച്ച്.ആർ.ഡി) ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ജൂലൈ 16-ാം തീയതി രാവിലെ 10 മണി വരെ ഓൺലൈൻ അപേക്ഷയിൽ തിരുത്തൽ വരുത്തുവാൻ കഴിയുന്നതാണ്. വിശദ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക. സർവകലാശാലയിൽ തിരുത്തലിനായി അപേക്ഷ നൽകിയിട്ടുള്ളവരും സ്വമേധയാ തന്നെ തിരുത്തലുകൾ വരുത്തേണ്ടതാണ്. തിരുത്തലുകളിൽ സംശയമുള്ളവർ സർവകലാശാലയെ സമീപിക്കേണ്ടതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പി.ജി. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ / സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2018–19) ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. വിശദ വിവരം വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) ലഭിക്കും. ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി 31.07.2018.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പരീക്ഷാഫീസ്

ഒന്നാം സെമസ്റ്റർ എം.ടെക് (ഫുൾ ടൈം/പാർട്ട് ടൈം), മൂന്നാം സെമസ്റ്റർ എം.ടെക് (പാർട്ട് ടൈം–2003 സ്കീം) മേഴ്സി ചാൻസ് പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 18 വരെയും 50 രൂപ പിഴയോടെ ജൂലൈ 21 വരെയും 125 രൂപ പിഴയോടെ ജൂലൈ 25 വരെയും അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൽപ്ചർ) പരീക്ഷകൾ ആഗസ്റ്റ് 6 ന് ആരംഭിക്കുന്നു. പിഴ കൂടാതെ ജൂലൈ 17 വരെയും 50 രൂപ പിഴയോടെ ജൂലൈ 19 വരെയും 125 രൂപ പിഴയോടെ ജൂലൈ 21 വരെയും അപേക്ഷിക്കാം.

2018 ജൂലൈ/ആഗസ്റ്റ് മാസം ആരംഭിക്കുന്ന ഒന്നും, രണ്ടും വർഷ ബി.കോം ഡിഗ്രി (ആന്വൽ സ്കീം) (എസ്.ഡി.ഇ & പ്രൈവറ്റ്) പാർട്ട് ഒന്ന്, രണ്ട് സപ്ലിമെന്ററി പരീക്ഷകൾക്ക് പിഴ കൂടാതെ ജൂലൈ 17 വരെയും 50 രൂപ പിഴയോടെ 19 വരെയും 125 രൂപ പിഴയോടെ 21 വരെയും ഓൺലൈൻ ആയി www.de.keralauniversity.ac.in എന്ന വെബ്സൈറ്റ് വഴിയും, മറ്റുള്ളവർ നേരിട്ടും ജൂലൈ 10 മുതൽ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വിജ്ഞാപനം

കാര്യവട്ടം ക്യാമ്പസിലെ ഡിപ്പാർട്ട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസിൽ ഒരു വർഷത്തേക്ക് രണ്ട് ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ താൽക്കാലിക ഒഴിവുണ്ട്. യോഗ്യത: എം.എസ്.സി മറൈൻ ബയോളജി ആൻഡ് ഓഷ്യാനോഗ്രഫി/അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്/സുവോളജി/കെമിസ്ട്രി വിശദവിവരങ്ങൾ സർവകലാശാലയുടെ Job Notificaton എന്ന ലിങ്കിൽ ലഭ്യമാണ്.

# <u>പരീക്ഷ</u>

ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) എട്ടാം സെമസ്റ്റർ പരീക്ഷകൾ (2014–സ്കീം–റെഗുലർ & 2011–സ്കീം–സപ്ലിമെന്ററി) ജൂലൈ 17 ന് ആരംഭിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം.
10.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**